മെട്രോ വാർത്ത

14 January 2026



ലക്ഷദ്വീപിലെ കവരത്തിയിൽ നടന്ന മത്സ്യമേളയുടെ സമാപന സംഗമത്തിൽ സിഎംഎഫ്ആർഐ ഡയറക്ടർ ഡോ. ഗ്രിൻസൺ ജോർജ് പ്രസംഗിക്കുന്നു.

# ലക്ഷദ്വീപിൽ ഫിഷറീസ് ഹബ് വേണമെന്ന് നിർദേശം

**കവരത്തി മത്സ്യമേള സമാപിച്ചു**

കൊച്ചി: ലക്ഷദ്വീപിന്റെ മത്സ്യമേഖലാ വികസനത്തിന് എല്ലാ ദ്വീപുകളെയും ബന്ധിപ്പിക്കുന്ന സംയോജിത ഫിഷറീസ് ഹബ്ബ് സ്ഥാപിക്കണമെന്ന് നിർദേശം. മത്സ്യവിപണനം സുഗമമാക്കാനും മൂല്യവർധിത ഉത്പന്നങ്ങളുടെ വിപണി വിപുലീകരിക്കാനുമുള്ള ഏകജാലക സംവിധാനം യാഥാർഥ്യമാക്കാൻ ഈ നീക്കം അനിവാര്യമാണെന്ന് കവരത്തിൽ നടന്ന മത്സ്യമേളയുടെ സമാപന സംഗമം അഭിപ്രായപ്പെട്ടു.

കേന്ദ്ര മറൈൻ ഫിഷറീസ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിനു (സിഎംഎഫ്ആർഐ) കീഴിലുള്ള ലക്ഷദ്വീപ് കൃഷി വിജ്ഞാന കേന്ദ്രത്തിന്റെ നേതൃത്വത്തിൽ ദ്വീപ് ഫിഷറീസ് വകുപ്പുമായി ചേർന്നാണ് ത്രിദിന മേള സംഘടിപ്പിച്ചത്. ശാസ്ത്രീയ വിപണനം, കോൾഡ് സ്റ്റോറേജ് സംവിധാനങ്ങൾ, മൂല്യവർധിത യൂണിറ്റുകൾ, കയറ്റുമതി സൗകര്യങ്ങൾ എന്നിവ ഒരേ കുടക്കീഴിൽ കൊണ്ട് വരാൻ ഫിഷറീസ് ഹബ് വഴി സാധിക്കും. ഇത് ലക്ഷദ്വീപിലെ ട്യൂണ (ചൂര) മത്സ്യബന്ധന മേഖലയ്ക്ക് കരുത്താകുമെന്ന് വിദഗ്ധർ ചൂണ്ടിക്കാട്ടി.

അനുയോജ്യമായ സ്ഥലങ്ങളിൽ കൂട് മത്സ്യകൃഷി വ്യാപിപ്പിക്കുന്നതിന് മുന്നോടിയായി ശാസ്ത്രീയ സ്ഥലനിർണയം അനിവാര്യമാണ്. പവിഴപ്പുറ്റുകളെയും മറ്റ് പ്രകൃതിദത്ത സ്രോതസുകളെയും സംരക്ഷിച്ച് കടൽപായൽ കൃഷി, അലങ്കാര മത്സ്യകൃഷി എന്നിവയിലൂടെ വരുമാനം വർധിപ്പിക്കാം. സുസ്ഥിര മത്സ്യബന്ധനത്തിന് ശാസ്ത്രീയ ഡേറ്റ ശേഖരണം അത്യാവശ്യമാണ്. ഇതിന് മത്സ്യത്തൊഴിലാളികളെയും ശാസ്ത്രജ്ഞരെയും കോർത്തിണക്കി 'സിറ്റിസൺ സയൻസ്' പദ്ധതികൾക്ക് പ്രാധാന്യം നൽകണം. മത്സ്യത്തൊഴിലാളികൾ, ഗവേഷകർ, സഹകരണ സംഘങ്ങൾ, സംരംഭകർ എന്നിവരുടെ ഏകോപിത പ്രവർത്തനം ദ്വീപിന്റെ വികസനത്തിന് ആവശ്യമാണ്- മേളയിൽ നടന്ന ഗവേഷകരുടെയും മത്സ്യത്തൊഴിലാളികളുടെയും സംഗമം വിലയിരുത്തി.

സമാപന ചടങ്ങിൽ ലക്ഷദ്വീപ് ഫിഷറീസ് ഡയറക്ടർ കെ. ബുസർ ജംഹർ, സിഎംഎഫ്ആർഐ ഡയറക്ടർ ഡോ. ഗ്രിൻസൺ ജോർജ്, ലക്ഷദ്വീപ് കൃഷി വിജ്ഞാൻ കേന്ദ്രം മേധാവി ഡോ. പി.എൻ. ആനന്ദ് എന്നിവർ സംസാരിച്ചു.